**No. M.J.S.S.A /1/ 2017-18**

# ദൈവകൃപയാൽ

## അന്ത്യോഖ്യായുടെയും, കിഴക്കൊക്കെയുടെയും
## പരി. പത്രോസിന്റെ ശ്ലൈഹിക സിംഹാസനത്തിൻ കീഴിലുള്ള
## മലങ്കര യാക്കോബായ സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ പ്രസിഡന്റ്
## അഫ്രേം മാത്യൂസ് മെത്രാപ്പോലീത്തായിൽ നിന്നും

**നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും, ബഹു. വികാരിമാരും, സഹവികാരിമാരും, കൈക്കാരന്മാരും, ഭരണസമിതി അംഗങ്ങളും, സൺഡേസ്കൂൾ പ്രവർത്തകരും ശേഷം ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യ മക്കൾക്ക് കർത്താവിൽ വാഴ്വ്.**

**പ്രിയരെ സസ്നേഹം അറിയിക്കുന്നത്.**

പരിശുദ്ധ സഭയുടെ കീഴിൽ പ്രശംസനീയമായ നിലയിൽ പ്രവർത്തിച്ചു വരുന്ന ഒരു ആദ്ധ്യത്മീക സംഘടനയാണു സൺഡേസ്കൂൾ പ്രസ്ഥാനം. ഭാഗ്യസ്മരണാർഹനായ സത്യവിശ്വാസ സംരക്ഷകൻ പരിശുദ്ധ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയാൽ 1920- ൽ ആരംഭിച്ച സൺഡേസ്കൂൾ പ്രസ്ഥാനം 1974 മുതൽ എം.ജെ.എസ്.എസ്.എ ആയി പ്രവർത്തിച്ചു. വരുന്നു. 1975 മുതൽ നീണ്ട പത്തുവർഷകാലം ഈ മഹാപ്രസ്ഥാനത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ പ്രവർത്തിക്കുകയും ഒന്നുമില്ലായ്മയിൽ നിന്നും പുത്തൻകുരിശു പട്ടണത്തിന്റെ ഹൃദയഭാഗത്ത് ഒരേക്കറോളം വരുന്ന സ്ഥലവും ആസ്ഥാന മന്ദിരവും സ്വായത്തമാക്കുവാൻ ശ്രേഷ്ഠബാവ തിരുമേനിയാൽ സാധിച്ചു. സഭയോടും ഈ പ്രസ്ഥാനത്തോടും ബാവാ തിരുമേനിക്കുള്ള കരുതലും ദീർഘവീക്ഷണവുമാണ് ഇതിനിടയാക്കിയിട്ടുള്ളത്.

കഴിഞ്ഞ അഞ്ചുവർഷമായി നാം ഈ പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ ചുമതല വഹിച്ചു വരുന്നതാണ്.24.06.17 ൽ ചേർന്ന എം.ജെ.എസ്.എസ്.എ. യുടെ വാർഷീക പൊതുയോഗം നമ്മെ വീണ്ടും പ്രസിഡന്റായും, റവ.ഫാ.സാബു സാമുവേൽ വൈസ് പ്രസിഡന്റ്, ഷെവ.എം.ജെ.മർക്കോസ് ജനറൽ സെക്രട്ടറി, ശ്രീമാൻമാരായ കോര സി. കുന്നുംപുറം, എൽദോ ഐസക്ക്, റോയ് തോമസ് എന്നിവർ സെക്രട്ടറിമാർ, ശ്രി.പി.വി.ഏലിയാസ് ട്രഷറാർ എന്നിങ്ങനെ അടുത്ത മൂന്നു വർഷകാലത്തേക്കു തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതുമാണ്. ദൈവത്തിന്റെ ദാനമായി നമുക്കു ലഭിച്ചിട്ടുള്ള നമ്മുടെ കുഞ്ഞുങ്ങൾക്കു സത്യവിശ്വാസം, ആചാരനുഷ്ഠാനങ്ങൾ, അപ്പോസ്തോലിക പാരമ്പര്യം എന്നിവയെ കുറിച്ച് യഥാർത്ഥബോധനം നൽകി ആരാധനാ പരിശീലനത്തിലൂടെ അവരെ ജീവനുള്ള ക്രിസ്ത്യാനികളാക്കി വളർത്തിക്കൊണ്ടു വരിക എന്നതാണ് എം.ജെ.എസ്.എസ്.എ.യുടെ ലക്ഷ്യം. ഇതിനാവശ്യമായ സൺഡേസ്കൂൾ പഠനത്തിനു പുറമെ കൗൺസലിംഗ് ക്ലാസ്സുകൾ, സെമിനാറുകൾ, യുവജന സംഗമങ്ങൾ, ധ്യാനയോഗങ്ങൾ എന്നിവയും എം.ജെ.എസ്.എസ്.എ ലക്ഷ്യമിടുന്നു ആയതിനായി എം.ജെ.എസ്.എസ്.എ.യുടെ ആസ്ഥാനത്ത് മൂന്നു നിലകകളിലായി. മൂന്നു കോടി ക. ചെലവു വരുന്ന ഒരു ക്യാമ്പ് സൈറ്റ് പ്രൊജക്റ്റിനു രൂപം നൽകി അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്ന വിവരം എല്ലാവർക്കും അറിവുള്ളതാണല്ലോ.മൂന്നാമത്തെ നിലയുടെ പണികളാണ് ഇപ്പോൾ നടന്നുവരുന്നത്. കാർ പാർക്കിംഗിനു സെല്ലാർ, വലിയ ഹോൾ, മിനികോൺഫ്രൻസ്ഹാൾ, വിശാലമായ ലൈബ്രറി, താമസ മുറികൾ എന്നിവ ഈ ക്യാമ്പ് സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പണികൾ പൂർത്തിയാക്കുവാൻ രണ്ട് കോടി ക ഇനിയും ആവശ്യമാണ്.

ശ്രേഷ്ഠ ബാവായുടെ 17.03.2017 ലെ **P 3/17 -** ാം നമ്പർ കൽപ്പനപ്രകാരം ബഹു.പള്ളികളും, ഇടവകാംഗങ്ങളും ഈ മഹാപ്രസ്ഥാനത്തെ സംഭാവനകൾ നൽകിയും മുറികൾ സ്പോൺസർ ചെയ്തും സഹായിക്കണമെന്ന് കല്പിച്ചിട്ടുള്ളതാണല്ലോ. കൂടാതെ മുഴുവൻ സൺഡേസ്കൂൾ അദ്ധ്യാപകരും, കുഞ്ഞുങ്ങളും, ഇടവകാംഗങ്ങളും ഇതിൽ പങ്കാളികളാകുകയും വേണം. നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവിജീവിതം തന്നെയാണല്ലോ പരമപ്രധാനം. അവരവരുടെ കഴിവിനൊത്തവണ്ണം ഇതിന് സാമ്പത്തിക സഹായം നൽകണം.

അതിനാൽ അടുത്തു ചേരുന്ന പള്ളിയുടെ മാനേജിംഗ് കമ്മിറ്റി ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിച്ച് മുറികൾ സ്പോൺസർ ചെയ്തോ, തുകകൾ സംഭാവനയായി നൽകിയോ ഈ പദ്ധതിയെ സഹായിക്കണമെന്ന് നാം നിങ്ങളെ സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

ഈ സ്വപ്ന പദ്ധതി സമയബന്ധിതമായി പൂർത്തികരിക്കുവാൻ നിങ്ങളേവരുടേയും പ്രാർത്ഥനയും,സഹകകരണവും ഉണ്ടാകണമെന്നറിയിക്കുന്നു. അതോടൊപ്പം ഈ സദുദ്യമത്തിൽ ആത്മാർത്ഥമായി ചെറുതും വലുതുമായി സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്ന എല്ലാവരേയും ദൈവകരങ്ങളിൽ ഏല്പിച്ച് പ്രാർത്ഥിച്ചുകൊണ്ട് നിർത്തട്ടെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർത്തിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടേയും, പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും, ഇന്ത്യയുടെ കാവൽ പിതാവായ മോർ തോമാശ്ലീഹായുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ .....................

**മാത്യൂസ് അഫ്രേം മെത്രാപ്പോലീത്ത**

പുത്തൻകുരിശ്
എം.ജെ.എസ്.എസ്.എ. കേന്ദ്ര ഓഫീസിൽ നിന്നും
2017 ജൂലൈ മാസം 25-ാം തീയതി